(ബി) താഴെ പറയുന്ന ജില്ലകളിൽ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുവാൻ സഹകരണ അക്കാഡമി ഉദ്ദേശിക്കുന്നുണ്ട്.

1. കണ്ണൂർ
2. തിരുവനന്തപുരം
3. കൊല്ലം
4. ആലപ്പുഴ
5. മലപ്പുറം
6. പത്തനംതിട്ട
7. എറണാകുളം
8. കോട്ടയം
9. കാസർഗോഡ്

2. എറണാകുളം ജില്ലയിൽ ഒരു കമ്മ്യൂണിറ്റി കോളേജ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

3. എറണാകുളം ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്.

(സി) സഹകരണ മേഖലയിലുള്ള കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ കീഴിൽ ഇപ്പോൾ വടകരയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് പ്രവർത്തിക്കുന്നു. ഇത് സർക്കാർ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നില്ല.

കണ്ണൂർ സഹകരണ ബാങ്ക്

127 (3528)ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സഹകരണ ബാങ്കിൽ മുൻ യു.ഡി.എഫ്. ഭരണകാലത്ത് നടത്തിയ നിയമനവുമായി ബന്ധപ്പെട്ട് അഴിമതി കേസ്സ് ചാർജ് ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രതികൾ ആരൊക്കെയാണെന്നും കേസ്സിന്റെ വിശദാംശവും വ്യക്തമാക്കുമോ;

(സി) ഈ കേസ്സിലെ പ്രതികളിൽ മുൻ ഭരണസമിതി അംഗങ്ങൾ ഉണ്ടായിരുന്നു എങ്കിൽ അവർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കേസിലെ പ്രതികളായ ഉദ്യോഗസ്ഥന്മാർ ആരൊക്കെയാണെന്നും അവരുടെ പേരിൽ നിയമാനുസൃതമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ സഹകരണ ബാങ്കിൽ 1994-ൽ 92 ക്ലാർക്ക് തസ്തികയിലേക്കും 30 പ്യൂൺ തസ്തികയിലേക്കും നടത്തിയ നിയമനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണം നടത്തുകയും അന്വേഷണത്തിൽ പ്രഥമദൃഷ്ട്യാ തെളിവുണ്ടെന്ന് കണ്ടതിനെ തുടർന്ന് വി.സി. 1/2000/കണ്ണൂർ ആയി കണ്ണൂർ വിജിലൻസ് ബ്യൂറോ യൂണിറ്റിൽ ഒരു വിജിലൻസ് കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി)&(സി) മുൻഭരണസമിതി അംഗങ്ങളായ ശ്രീ. വി. ബാലൻ മാസ്റ്റർ, ശ്രീ. വി. അശോകൻ മാസ്റ്റർ, ശ്രീ. എം. നാരായണൻകുട്ടി, ശ്രീ. കെ.വി. വിശ്വനാഥൻ, മുൻജോയിന്റ് രജിസ്ട്രാർ ശ്രീ. ഇ.കെ. മൊയ്തീൻ, ഒരു സ്വകാര്യ വ്യക്തിയായ ശ്രീ. എം.ഒ. മാധവൻ മാസ്റ്റർ എന്നിവർക്കെതിരെയാണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കേസ്സിന്റെ അന്വേഷണം പ്രാരംഭഘട്ടത്തിലായതിനാൽ കൂടുതൽ വിശദാംശങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(ഡി) ഈ കേസ്സിലെ പ്രതികളിൽ ഉദ്യോഗസ്ഥനായുള്ളത് സഹകരണവകുപ്പിൽ ജോയിന്റ് രജിസ്ട്രാർ ആയിരുന്ന ശ്രീ. ഇ.കെ. മൊയ്തീൻ ആണ്. അദ്ദേഹം സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തിട്ടുണ്ട്. കേസ്സിന്റെ അന്വേഷണം പൂർത്തിയായാൽ മാത്രമേ, അനന്തര നടപടികൾ സംബന്ധിച്ച തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ.

കോഴിക്കോട് ജില്ലയിലെ സഹകരണ വകുപ്പിന്റെ ഓഫീസ് കെട്ടിടവും റെക്കാർഡ് മുറിയും സംരക്ഷിക്കുന്ന നടപടി

128 (3529)ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പിന്റെ അധീനതയിലുള്ള പഴയ ഓഫീസ് കെട്ടിടവും റെക്കാർഡ് റൂമും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടം സംരക്ഷിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പഴയ കെട്ടിടം പുതുക്കി പണിയുന്നതിനും റിക്കാർഡുമുറി സംരക്ഷിക്കുന്നതിനുമായി പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുവാൻ സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കെട്ടിടം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) പഴയകെട്ടിടം പുതുക്കി പണിയുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇത് സർക്കാർ ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുവാനാണ്.

ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ

129 (3530)ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇവയിൽ എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചു എന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly